LIBRARY ARCHIVES Kerala Legislative Assembly

**വിജിലൻസ് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ നടപടി**

132 (5561) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിജിലൻസ് വകുപ്പിന് പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിജിലൻസ് വിഭാഗത്തിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ച് പരാതികളിൽ യഥാസമയത്തും കുറ്റമറ്റ രീതിയിലും അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിജിലൻസ് വിഭാഗത്തിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് പുതുക്കിയ നിർദ്ദേശങ്ങൾ ലഭ്യമാക്കാൻ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**വിജിലൻസ് അന്വേഷണരീതി സംബന്ധിച്ച ഉത്തരവ്**

133 (5562) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിജിലൻസ് വിഭാഗത്തിന് ലഭിക്കുന്ന പരാതികൾ അന്വേഷിക്കുന്നരീതി സംബന്ധിച്ച 29-3-2017 ലെ ജി.ഒ. (പി) 9/2017/വിജി നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്തുവയ്ക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉദ്യോഗസ്ഥർക്കെതിരെ വന്നിട്ടുള്ള ആരോപണങ്ങളെല്ലാം പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമാണോ ഏറ്റെടുത്തിട്ടുള്ളത്; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഇതിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) 29-3-2017-ലെ ജി.ഒ. (പി) 9/2017/വിജി. നമ്പർ സർക്കാർ ഉത്തരവ് നിലവിൽ വന്നശേഷം വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിൽ ലഭിച്ച 320 പരാതികളിലും പ്രസ്തുത ഉത്തരവ് പ്രകാരമാണ് നടപടി സ്വീകരിച്ചുവരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.